B4 14612 19/7/17

**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണ വകുപ്പ്-ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം-01.01.2017 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം-'സംവരണ സാധ്യത ഇല്ല' എന്ന ഉത്തരവ്' പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പ്**

സ.ഉ.(കൈ)215/2017/പൊഭവ. തീയതി, തിരുവനന്തപുരം ,12.07.2017

---

പരാമർശം:- 1. 07.06.2017-ലെ സ.ഉ. (കൈ) നം.188/2017/പൊഭവ.

2. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 30/06/2017 തീയതിയിലെ ബി4-2808/2016/ഡി.ഐ.എം.എസ്. നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ പരാമർശം -2 ലെ റിപ്പോർട്ട് പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച് 01.01.2017 അടിസ്ഥാനമാക്കിയുള്ള വാർഷിക അവലോകനം നടത്തിയതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഗസറ്റഡ്, നോൺ ഗസറ്റഡ്,ലാസ്റ്റ് ഗ്രേഡ് തസ്തികളിൽ പ്രാതിനിധ്യക്കുറവ് വന്നിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത വർഷം പ്രത്യേക നിയമനത്തിനയി 'സംവരണ സാദ്ധ്യത ഇല്ല' എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുൻ വർഷങ്ങളിൽ സംവരണം ചെയ്ത് ഉത്തരവായതും എന്നാൽ നാളിതുവരെ നികത്താത്തതുമായ തസ്തികകൾ നിലവിലുണ്ടെങ്കിൽ അവയിലേയ്ക്ക് അടിയന്തരമായി നിയമനം നടത്തുവാൻ വേണ്ട നടപടികൾ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മോളി തോമസ്**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
തൊഴിലും നൈപുണ്യവും വകുപ്പ്
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ -ബി/ എ 2 സീറ്റ്) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Saseendra

സെക്ഷൻ ഓഫീസർ